# എല്ലാ പോലീസ് ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ

ഒരു സംസ്ഥാനത്തെ ഭരണത്തിൽ നിരവധി വകുപ്പുകൾ ഉണ്ടെങ്കിലും ആഭ്യന്തര വകുപ്പിനും പോലീസ് വകുപ്പിനും വളരെയധികം പ്രാധാന്യം ലഭിക്കുന്നുണ്ട്. ഒരു പക്ഷെ പോലീസ് ഡിപ്പാർട്ടുമെന്റിനെക്കാളും ജനങ്ങൾക്ക് കൂടുതൽ ജീവൽപ്രശ്നമായ കാര്യങ്ങൾ മറ്റ് വകുപ്പുകൾക്കുണ്ട് എന്നിരിക്കെ, അതിലുപരിയായി ആഭ്യന്തര വകുപ്പിനും പോലീസ് ഡിപ്പാർട്ടുമെന്റിനും വളരെയേറെ ശ്രദ്ധ ലഭിക്കുന്നുണ്ട്. ഇതിന് പ്രധാന കാരണം ഭരണഘടന നൽകിയിട്ടുള്ള മൗലികാവകാശങ്ങളായ Right to Life, Liberty എന്നിങ്ങനെയുള്ള പല സുപ്രധാന കാര്യങ്ങളും പോലീസ് പ്രവർത്തനത്തിന്റെ പ്രധാനപ്പെട്ട വിഷയങ്ങളായി വരുന്നു എന്നുള്ളതാണ്. മാത്രമല്ല പോലീസ് നടപടികൾക്ക് വളരെ കൃത്യമായ നിയമങ്ങളും അവയെ നിരന്തരമായി വീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതുനുമുള്ള ജുഡിഷ്യറി നിയന്ത്രണ സംവിധാനങ്ങളും ഉണ്ട്. ഉദാഹരണമായി, ഒരു കുറ്റാന്വേഷണത്തിൽ ഒരു കുറ്റം കണ്ടാൽ നടപടി എടുക്കുന്ന കീഴ്കോടതിക്കും അതിനു മുകളിലുള്ള കോടതികൾക്കും, സെക്ഷൻ 36 സി ആർ പി സി പ്രകാരം മറ്റു ഉയർന്ന ഉദ്യോഗസ്ഥർക്കാർക്കും അല്ലാതെ അന്വേഷണത്തിൽ ഇടപെടുന്നതിനുള്ള യാതൊരു നിയമപരമായ അവകാശങ്ങളും ഇല്ല എന്നതാണ്. മറ്റ് ഏതൊരു ഡിപ്പാർട്ടുമെന്റിനെക്കാളുമുപരിയായി പോലീസിന്റെ പ്രവർത്തനത്തിന്റെ നല്ലൊരു ഭാഗം നിരന്തരമായ ജുഡിഷ്യൽ റിവ്യൂന് വിധേയമാണ്. അതുകൊണ്ട്തന്നെയാണ് മറ്റേതൊരു ഡിപ്പാർട്ടുമെന്റിനും ലഭിക്കാത്ത പ്രാമുഖ്യം പോലീസ് ഡിപ്പാർട്ടുമെന്റിന് ലഭിക്കുന്നതായി കാണുന്നതിനുള്ള കാരണം.

**02**. പൊതുജനങ്ങൾ പോലീസിനെ all purpose Government Servant എന്ന നിലയിൽ കാണുന്നു. അത്യാവശ്യഘട്ടങ്ങളിൽ റേഷൻ വിതരണമോ കുടിവെള്ള വിതരണമോ പോലും പോലീസ് നടത്തും. പോലീസ് ശരിയായ പ്രവർത്തനം നടത്തിയെങ്കിൽ മാത്രമേ മികച്ച പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുകയുള്ളൂ. ഗതാഗത നിയന്ത്രണത്തിലായാലും കുറ്റാന്വേഷണങ്ങളിലായാലും സുരക്ഷ പ്രധാനം ചെയ്യുന്ന കാര്യങ്ങളിൽ ആയാലും ജനം പോലീസിനെ വളരെ കാര്യമായാണ് ഉറ്റു നോക്കുന്നത്.

**03**. പോലീസിന്റെ കർത്തവ്യങ്ങൾ വളരെ വൈഷമ്യമേറിയതും പലപ്പോഴും വിശ്രമം പോലും തരാത്ത നിരന്തര പ്രവർത്തനങ്ങൾ ആവശ്യപ്പെടുന്നതുമാണ്. ബഹുഭൂരിപക്ഷം പോലീസ് ഉദ്യോഗസ്ഥരും വളരെ ആത്മാർത്ഥമായി തന്നെയാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഒരു ചെറിയ വിഭാഗം പോലീസ് ഉദ്യോഗസ്ഥർ സാമൂഹിക പ്രതിബദ്ധതയില്ലാതെ സ്വാർത്ഥമായ ഭൗതിക നേട്ടങ്ങൾക്കു മാത്രമായി തെറ്റായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വാസ്തവത്തിൽ പോലീസിന്റെ പ്രധാന ശത്രുക്കൾ ഈ വിഭാഗത്തിൽപ്പെട്ടവ